**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**<u>പ്രധാനമന്ത്രി ആവാസ് യോജന</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4156. 20-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.കെ. ശശി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ആവാസ് യോജന എന്ന പദ്ധതിവഴി നിലവിലെ കേന്ദ്ര സർക്കാർ കാലയളവിൽ സംസ്ഥാനത്ത് എത്ര പേർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം നാളിതു വരെ നല്കി എന്ന് വ്യക്തമാക്കുമോ; | (എ) | പി.എം.എ.വൈ (ഗ്രാമീൺ) പദ്ധതി വഴി 15993 പേർക്ക് ഭവന നിർമ്മാണത്തിനുള്ള സഹായം നാളിതുവരെ നൽകിയിട്ടുണ്ട്.<br>പി.എം.എ.വൈ (നഗരം) പദ്ധതി പ്രകാരം 20915 കുടുംബങ്ങൾക്ക് ഒന്നാം ഗഡു സാമ്പത്തിക സഹായം നൽകി. ഇവരിൽ 13984 പേർക്ക് രണ്ടാം ഗഡുവും 8636 പേർക്ക് മൂന്നാം ഗഡുവും 1635 പേർക്ക് നാലാം ഗഡുവും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി വഴിയുള്ള സഹായത്തിന് അപേക്ഷിച്ചവരിൽ വീടുവയ്ക്കുവാനുള്ള സഹായം ലഭിക്കാത്ത സംസ്ഥാനത്തെ അപേക്ഷകർ എത്ര; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പി.എം.എ.വൈ (ജി) പദ്ധതിക്ക് നേരിട്ട് അപേക്ഷ സ്വീകരിക്കുന്നില്ല. ടി പദ്ധതിക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ഭവന രഹിതരുടെ ലിസ്റ്റിൽ നിന്നാണ്.<br>പി.എം.എ.വൈ (നഗരം) പദ്ധതി പ്രകാരം<br>നഗര സഭ കണ്ടെത്തിയത് : 1,96,800<br>കോമൺ സർവീസ് സെന്റർ വഴി ലഭ്യമായത് : 46,687 |

| | | | |
|---|---|---|---|
| | | | ആകെ അപേക്ഷകൾ : 2,43,567<br>കോമൺ സർവീസ് സെന്റർ വഴി ലഭ്യമായതും എന്നാൽ പരിശോധിച്ച് ബോധ്യപ്പെടുത്തേണ്ടതുമായ അപേക്ഷകൾ :18,763<br>നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ അപേക്ഷകൾ /കുടുംബങ്ങൾ : 77,414<br>ഉൾപ്പെടാത്തവർ : 1,66,153 |

സെക്ഷൻ ഓഫീസർ